പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.324 — 28.1.2019 ൽ മറുപടിയ്ക്ക്

## ഭിന്നശേഷി വിഭാഗത്തിലെ ഉദ്യോഗാർത്ഥികളുടെ ബാക്ക് ലോഗ് ഒഴിവുകൾ

ചോദ്യം — മറുപടി

ശ്രീ.റോജി എം. ജോൺ

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) 14/07/2008 ലെ സ.ഉ.(പി) 20/98/ഉഭപവ. പ്രകാരം ഭിന്നശേഷി വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് 3 % സംവരണം നൽകിക്കൊണ്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1996 മുതൽ 31/12/2018 വരെയുള്ള കാലയളവിൽ എൽ..ഡി.ടൈപ്പിസ്റ്റ്/ എൽ.ഡി.ക്ലാർക്ക്/ എൽ.ജി.എസ്.എന്നീ തസ്തികകളിലെ ബാക്ക് ലോഗ് ഒഴിവുകൾ എത്ര വീതം ഓരോ വകുപ്പിലും കണ്ടെത്തിയിട്ടുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ;<br>(ബി) ഈ ഒഴിവുകളിൽ ഓരോ തസ്തികയിലെയും എത്ര ഒഴിവുകൾ വീതം ഏതെല്ലാം വകുപ്പിൽ നിന്നും പി.എസ്.സി.യെ അറിയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;<br>(സി) ഭിന്നശേഷി വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് അർഹതപ്പെട്ട 3% തൊഴിൽ അവസരം കണ്ടെത്തി സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുന്നതിന് കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ഡി) എങ്കിൽ കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (എ),(ബി), (സി) & (ഡി)<br>14.7.1998 ലെ G.O(P)No.20/98/P & ARD ഉത്തരവ് പ്രകാരം ക്ലാസ്സ് III, IV തസ്തികകളിലെ അംഗപരിമിത നിയമനത്തിനായി ജില്ലാ കളക്ടർമാർ അദ്ധ്യക്ഷനായി ഒരു സ്കീം തയ്യാറാക്കിയിരുന്നു. എന്നാൽ 1.1.2004 മുതൽ അംഗപരിമിത നിയമനം Persons with Disabilities Act 1995 Section 33 പ്രകാരം നടപ്പിലാക്കുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിച്ചു.<br>സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്ക് സംസ്ഥാന സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണം ഉറപ്പാക്കുന്ന വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനായി സാമൂഹ്യ നീതി വകുപ്പ്, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്, ധനകാര്യ വകുപ്പ്, നിയമ വകുപ്പ്, പൊതു ഭരണ വകുപ്പ് സെക്രട്ടറിമാരുടെ കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി നിർദ്ദേശ പ്രകാരം വിരമിച്ച വിദഗ്ധ ഉദ്യോഗസ്ഥരുടെ സമിതി ടി വിഷയം പരിശോധിച്ച് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ മുഖേന കരട് റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആയത് വിശദമായി പരിശോധിച്ച ശേഷം മാത്രമേ കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ